നീതി ആയോഗും പ്ലാനിംഗ് ബോർഡും

38 (2866) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗും കേരളത്തിലെ പ്ലാനിംഗ് ബോർഡും തമ്മിൽ ഘടനാപരമായി വ്യത്യാസമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഭാഗമായി കേരളത്തിന്റെ ആസൂത്രണ പ്രക്രിയയിൽ വന്നു ചേർന്നിട്ടുള്ള പ്രതിസന്ധികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. നീതി ആയോഗ് അടിസ്ഥാനപരമായി ഒരു ഉപദേശക ബോഡിയും ഒരു തിങ്ക് ടാങ്ക് ആയും ആണ് വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിന്റെ ചലനാത്മകമായ പങ്കാളിത്തതോടെ ദേശീയ വികസനത്തിനുള്ള മുൻഗണനാക്രമം, അതിന്റെ മേഖലകൾ, തന്ത്രങ്ങൾ എന്നീ കാര്യങ്ങളിൽ പങ്കാളിത്ത കാഴ്ചപ്പാട് വികസിപ്പിക്കുക, മെച്ചപ്പെട്ട ഭരണം, ഭരണനടപടികൾ തുടങ്ങിയവ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു വിഭവകേന്ദ്രം രൂപീകരിച്ച് പ്രാവർത്തികമാക്കുക, പദ്ധതിനിർവ്വഹണം സംബന്ധിച്ച് മേൽനോട്ടം വഹിക്കുന്നതിനും മൂല്യനിർണയം നടത്തുന്നതിനും സംസ്ഥാനത്തിന്റെ ഒരു ഉപദേശകസമിതിയായി പ്രവർത്തിക്കുകയും ചെയ്യുക എന്നിവയാണ് നീതി ആയോഗിന്റെ പ്രവർത്തനങ്ങൾ.

സംസ്ഥാനത്തിന്റെ വിഭവങ്ങളെയും വളർച്ചാമുൻഗണനകളെയും ശാസ്ത്രീയമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ വികസനപരിപ്രേക്ഷപദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാരിന് വേണ്ട ഉപദേശം നൽകുന്ന സമിതിയായി പ്രവർത്തിക്കുക കൂടാതെ പദ്ധതിനിർവ്വഹണം ഉദ്ദേശ്യലക്ഷ്യത്തിലെത്തിയോ എന്ന വിലയിരുത്തൽ നടത്തുകയും സാമ്പത്തിക അവലോകന റിപ്പോർട്ട് വർഷാവർഷം പുറത്തിറക്കുകയും ചെയ്യുക എന്നിവയാണ് പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ.

(ബി) നീതി ആയോഗ് രൂപീകൃതമായതിനുശേഷം സംസ്ഥാനത്തിന്റെ വാർഷികപദ്ധതി നീതി ആയോഗിൽ ചർച്ച ചെയ്യുകയുണ്ടായിട്ടില്ല. മറ്റ് പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly